(ബി) ഈ പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി എത്രകാലംകൊണ്ടാണ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) സമഗ്ര വികസന പദ്ധതി നടപ്പാക്കുന്ന പ്രധാന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ലോകബാങ്ക് സഹായത്തോടെ സമഗ്രമായ വനവികസനത്തിന് രൂപം നൽകിയിട്ടുള്ള കേരള ഫോറസ്ട്രി പ്രോജക്ട് സംസ്ഥാനത്തെ എല്ലാ വനമേഖലകളിലും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിൽ 152.1 കോടി രൂപ ലോകബാങ്ക് ധനസഹായമായി നൽകുന്നതാണ്. ഈ തുക ഭാരതസർക്കാർ 2008 മുതൽ 2033 വരെ അർദ്ധ വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. ലോകബാങ്ക് നൽകുന്ന തുക്യ്ക്ക് 0.75% സർവ്വീസ് ചാർജ്ജ് ലോകബാങ്ക് ഈടാക്കുന്നതാണ്. കൂടാതെ കരാർ പ്രകാരമുള്ള തുകയിൽ വാങ്ങാത്ത തുകയ്ക്ക് 0.5% ത്തിൽ കവിയാതെയുള്ള തുക കമ്മിറ്റ്മെന്റ് ചാർജായും നൽകാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം ലോകബാങ്കിൽ നിന്നും നൽകുന്ന സഹായം ഭാരതസർക്കാർ അധികമായി പദ്ധതിയിനത്തിൽ ഉൾക്കൊള്ളിച്ച് ഭാരതസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി കേരളസർക്കാരിനു നൽകുന്നതാണ്.

(ഡി) 1998-99 മുതൽ നാലുവർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) ആധുനിക സാങ്കേതിക ഭരണനിർവ്വഹണ സംവിധാനങ്ങൾ ഉൾപ്പെടുത്തി വനംവകുപ്പിന്റെ പ്രവർത്തനങ്ങൾ സമൂലം മെച്ചപ്പെടുകയും അതിനോടൊപ്പം താഴെപ്പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകതകൾ.

1. സ്ഥായിയായ പരിസ്ഥിതി സംരക്ഷണത്തിനും ജൈവവൈവിധ്യ പരിപാലത്തിനുവേണ്ടിയുള്ള വനസംരക്ഷണം.

2. പദ്ധതി പ്രദേശത്തെ വനത്തിൽ നിന്നും തോട്ടങ്ങളിൽ നിന്നുമുള്ള തടിയുടെയും മറ്റു വനവിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദനക്ഷമതയുടെ വർദ്ധന.

3. വനത്തിനുള്ളിലും വനാതിർത്തിഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവരുടെ ജീവിതനിലവാര ഉന്നമനം.

24 (*280) വനംകൊള്ള തടയുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വനംകൊള്ള തടയുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) വനവൽക്കരണത്തിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം ലോകബാങ്കിന്റെ സഹായത്തോടെ എന്തെങ്കിലും പുതിയ പദ്ധതി സർക്കാർ ആവിഷ്കരിക്കുകയുണ്ടായോ;

(സി) വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടി വനംവകുപ്പ് കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് പ്രതിപാദിക്കുമോ;

(ഡി) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന കാവുകൾ, കണ്ടൽകാടുകൾ തുടങ്ങിയവ സംരക്ഷിച്ച് അനുയോജ്യമാക്കി തീർക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ബീറ്റ് സെക്ഷൻ സമ്പ്രദായം പുനഃക്രമീകരിച്ച് ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക, വനനിയമം ഭേദഗതി ചെയ്ത് കൂടുതൽ കർക്കശമാക്കുക, വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, വനസംരക്ഷണ ജീവനക്കാർക്ക് കൂടുതൽ ആയുധങ്ങളും വാഹനങ്ങളും വാർത്താവിനിമയോപകരണങ്ങളും നൽകുക, വനസംരക്ഷണം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുക, വനം കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേകം കോടതികൾ സ്ഥാപിക്കുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) വനവൽക്കരണ ഘടകമായി കേരള ഫോറസ്ട്രി പ്രോജക്ട് എന്ന പദ്ധതി കഴിഞ്ഞ സാമ്പത്തികവർഷം ആവിഷ്കരിക്കുകയുണ്ടായി.

(സി) പ്പട്ടികവർഗ്ഗ ഉപപദ്ധതി നടപ്പിലാക്കുക, വനം ജോലികളിൽ ആദിവാസികൾക്ക് മുൻഗണന നൽകുക, ട്രൈബൽ ഇൻഷുറൻസ് പദ്ധതി, ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനനുവദിക്കുക, ഔഷധ സസ്യക്കൃഷി നടപ്പിലാക്കുക എന്നിവയാണ് ആദിവാസി ക്ഷേമത്തിന് വനം വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ.

(ഡി) ഉണ്ട്.

(ഇ) പൊതുജനപങ്കാളിത്തത്തോടെ ഓരോ സ്ഥലത്തും അനുയോജ്യമായ സംരക്ഷണപദ്ധതികൾ തയ്യാറാക്കി പൊതുജനപങ്കാളിത്തത്തോടുകൂടി കണ്ടൽകാടുകൾ, കാവുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പരിപാടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

25 (*281) വനംപ്രദേശങ്ങൾ തീയിട്ട് നശിപ്പിക്കുന്നതായി പരാതി

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങൾ വേനൽക്കാലത്ത് വ്യാപകമായി തീയിട്ട് നശിപ്പിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly